# Little Flower L.P School Vadakara

# MASTER PLAN

# 2025-2026

# സ്കൂൾ ചരിത്രം

വടകര പള്ളിവക സ്ഥലത്ത്
ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ. ജെയിംസ് കാളാശ്ശേരി പിതാവിന്റെ അനുമതിയോടുകൂടി 06-06-1932 ൽ ലിറ്റിൽഫ്ലവർ എൽ.പി. സ്കൂൾ ആരംഭിച്ചു. വടകര സെന്റ്. ജോൺസ് കത്തോലിക്കാ പള്ളി വികാരി റവ. ഫാ. ഗീവർഗീസ് പട്ടരുമഠം ആയിരുന്നു ആദ്യത്തെ മാനേജർ.

1932-ൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 145 കുട്ടികൾക്ക് പ്രവേശനം നൽകി. ആദ്യത്തെ ഹെഡ്മിസ്ട്രസ് സി. റോസ് SABS ആയിരുന്നു. ഹെഡ് ടീച്ചർ ഉൾപ്പെടെ 5 അധ്യാപകർ ഉണ്ടായിരുന്നു. ഇന്ന് 2025-2026 ൽ 8 ഡിവിഷനുകളിലായി 187 കുട്ടികളും 9 അധ്യാപകരും ഉണ്ട്.

# ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളേയും അടിസ്ഥാന ഭാഷാശേഷിയുള്ളവരാക്കി മാറ്റുക.
- എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുക.
- പഠനത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ശ്രദ്ധ നൽകുക.
- സ്കൂളും പരിസരവും ലഹരിവിമുക്തവും പ്ലാസ്റ്റിക് വിമുക്തവും ആക്കുക.

# അക്കാദമികം

- എസ്. ആർ. ജി
- സ്കൂൾ അസംബ്ലി
- ദിനാചരണങ്ങൾ
- മലയാളത്തിളക്കം
- ഉല്ലാസ ഗണിതം
- ടാലന്റ് ലാബ്
- ക്ലാസ് പത്രം
- പതിപ്പുകൾ
- കൈയെഴുത്തുമാസിക, വായനക്കുറിപ്പ്
- ബുള്ളറ്റിൻ ബോർഡ്
- വായനാ ശാക്തീകരണം
- ക്വിസ് പരിപാടികൾ
- മേളകൾ
- ക്ലബ് പ്രവർത്തനം
- ICT സാധ്യത പ്രയോജനപ്പെടുത്തൽ
- നിർമ്മാണ പ്രവർത്തനങ്ങൾ - പരിശീലനം
- കായിക പരിശീലനം
- യോഗ പരിശീലനം, ഡാൻസ് പരിശീലനം
- സ്പോക്കൺ ഇംഗ്ലീഷ്
- കലയിൽ പ്രത്യേക പരിശീലനം
- സ്കോളർഷിപ്പ് പരീക്ഷകൾ
- ഭാഷാ വികാസനത്തിന് വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തൽ.
- ദിനപത്രം, ബാലമാസികൾ ഉപയോഗപ്പെടുത്തൽ.
- പഠനയാത്ര.

# വാർഷിക കലണ്ടർ (അക്കാദമികം)

## സ്കൂൾ അസംബ്ലി

അവതരണം: ഓരോ ക്ലാസ്സുകാരും വിവിധ വിജ്ഞാന പരിപാടികളോടെ അസംബ്ലി നടത്തുന്നു.

ഉദ്ദേശ്യങ്ങൾ: കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, വിജ്ഞാനം വർദ്ധിപ്പിക്കുക, സംഘാടക ശേഷി വർദ്ധിപ്പിക്കുക, ആളുകളെ അഭിമുഖീകരിക്കാനുള്ള കഴിവ് നേടുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| സ്കൂൾ തല അസംബ്ലി | ഓരോ ക്ലാസ്സിലെയും കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു. ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ഗ്രൂപ്പ് നിശ്ചയിക്കുന്നു. അവരുടെ നേതൃത്വത്തിൽ അസംബ്ലി നടത്തുന്നു. | ജൂൺ – മാർച്ച് | ക്ലാസ് അധ്യാപകർ |

# ദിനാചരണങ്ങൾ

ആമുഖം : പരിസ്ഥിതിദിനം, വായനാദിനം, ലഹരി വിരുദ്ധ ദിനം, ഹെലൻ കെല്ലർ ദിനം, ചാന്ദ്ര ദിനം, സ്വാതന്ത്ര്യ ദിനം, ഓണം, ഗാന്ധിജയന്തി, ശിശുദിനം, ക്രിസ്തുമസ് റിപ്പബ്ലിക് ദിനം തുടങ്ങിയ വിവിധ ദിനങ്ങൾ സ്കൂളിൽ ആഘോഷിക്കുന്നു.

ഉദ്ദേശ്യങ്ങൾ : അതാതു ദിനങ്ങളോടനുബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുക, വാർത്തകൾ ശേഖരിക്കുക ക്വിസ് പരിപാടികൾ നടത്തുക, റാലി നടത്തുക പതിപ്പ് തയ്യാറാക്കുക, പോസ്റ്റർ നിർമ്മിക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഓരോ മാസത്തെയും ദിനാചരണങ്ങൾ ഉൾക്കൊള്ളിച്ച് കലണ്ടർ തയ്യാറാക്കുക. | SRG യിൽ തീരുമാനമെടുക്കുന്നു. ഓരോ ക്ലാസ്സുകാർക്കും ക്ലബ്ബുകാർക്കും ചുമതല നൽകുന്നു. | ജൂൺ<br>മാർച്ച് | SRG കൺവീനർ<br>ക്ലബ് കൺവീനർ<br>ക്ലാസ് അധ്യാപകർ |

# മലയാളത്തിളക്കം

ഉദ്ദേശ്യം : എല്ലാ കുട്ടികളെയും സ്വതന്ത്രവായനയ്ക്കും എഴുത്തിനും പ്രാപ്തരാക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| മലയാളത്തിളക്കം<br>സചിത്രപാഠം<br>സംയുക്ത ഡയറി<br>സർഗാത്മക ഡയറി<br>റീഡേഴ്സ് തിയറ്റർ | അധ്യാപകരുടെ നേതൃത്വത്തിൽ<br>വർക്ക്ഷീറ്റ് നൽകൽ<br>ICT സാധ്യതകൾ<br>ഗ്രൂപ്പ് പ്രവർത്തനം<br>വ്യക്തിഗത പ്രവർത്തനം | ജൂൺ<br>–<br>മാർച്ച് | ക്ലാസ്സ് അധ്യാപകർ |

# ഉല്ലാസഗണിതം

ഉദ്ദേശ്യം : ഗണിതപഠനം പ്രത്യേക പരിശീലനം നൽകി എളുപ്പമാക്കുന്നു.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഉല്ലാസഗണിതം<br>പഠനോപകരണ നിർമ്മാണ ശില്പശാല | പഠനോപകരണങ്ങൾ പ്രയോജനപ്പെടുത്തൽ<br>ചതുഷ്ക്രിയകൾ, സംഖ്യാബോധം, ഐ.സി.ടി സാധ്യതകൾ. | ജൂൺ<br>മാർച്ച് | ക്ലാസ് അധ്യാപകർ |

# ടാലന്റ് ലാബ്

ഉദ്ദേശ്യം : കലാസാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് അവതരണശേഷി വർദ്ധിപ്പിക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
| --- | --- | --- | --- |
| ടാലന്റ് ലാബ് | എസ്. ആർ. ജി യിൽ ചർച്ച ചെയ്ത് ആഴ്ചയിൽ ഒരു ദിവസം കുട്ടികൾക്ക് അവരുടെ അഭിരുചി പ്രകടിപ്പിക്കാൻ അവസരം നൽകൽ | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപകർ |

# ക്ലാസ്സ് പത്രം

ആശയം : സർഗശേഷി വർദ്ധിപ്പിക്കുക, വായനാശീലം പ്രോത്സാഹിപ്പിക്കുക.

ഉദ്ദേശ്യങ്ങൾ : പത്രവായന പ്രോത്സാഹിപ്പിക്കുക
ഭാഷാശൈലിയുടെ പുരോഗതി

| പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| ക്ലാസ് പത്രം തയ്യാറാക്കൽ | ഓരോ ആഴ്ചയിലും ക്ലാസിലെ, സ്കൂളിലെ ചുറ്റുവട്ടത്തെ, ദിനപത്രങ്ങളിലെ വിവരങ്ങൾ കുട്ടികളുടെ കലാസൃഷ്ടികൾ എന്നിവ ഉൾപ്പെടുത്തി ആഴ്ചയുടെ അവസാനം ക്ലാസ്പത്രം തയ്യാറാക്കൽ. | ജൂൺ<br>മാർച്ച് | ക്ലാസ്സ് ടീച്ചർ. |

# ക്വിസ് പ്രോഗ്രാം

ഉദ്ദേശ്യങ്ങൾ : അറിവ് വർദ്ധിപ്പിക്കുക,
പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ക്വിസ് പ്രോഗ്രാം | ദിനാചരണത്തോടനുബന്ധിച്ച് സമകാലീന സംഭവങ്ങളും പൊതു വിജ്ഞാനവും ഉൾപ്പെടുത്തി ക്വിസ് നടത്തുന്നു. | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ<br>ക്ലബ് കൺവീനർ |

# ക്ലബ്ബ് പ്രവർത്തനം

ഉദ്ദേശ്യങ്ങൾ : പഠനത്തോടൊപ്പം കാലികമായ അറിവ് നേടുക , സംഘാടക ശേഷി വർദ്ധിപ്പിക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| വിവിധ ക്ലബ്ബുകളുടെ രൂപീകരണം. സയൻസ് ക്ലബ്ബ് സാമൂഹ്യശാസ്ത്ര ക്ലബ്ബ് , ഗണിത ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് ഹരിത ക്ലബ്ബ് | അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. | ജൂൺ<br>മാർച്ച് | ക്ലബ്ബിന്റെ ചുമതലയുള്ള അധ്യാപകർ |

# ഭാഷാശേഷി വികസനം

ഉദ്ദേശ്യങ്ങൾ : ചിഹ്നങ്ങളും അക്ഷരങ്ങളും ഉറപ്പിച്ച് ഭാഷാശേഷി വികസിപ്പിക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| അവശ്യമായ വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ | വർക്ക്ഷീറ്റിലെ പ്രവർത്തനങ്ങൾ അവസരോചിതമായി ചെയ്യുന്നു | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ |

# മേളകൾ

ആമുഖം :

കുട്ടികളുടെ സർഗശേഷിയും ശാസ്ത്രാഭിരുചിയും വളർത്തുക എന്ന ലക്ഷ്യത്തോടെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ മത്സരപരിശീലനം.

ഉദ്ദേശ്യങ്ങൾ: വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും സമ്മാനം വാങ്ങുന്നതിനും പ്രാപ്തരാക്കൽ.

| പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| കല, ശാസ്ത്ര പ്രവൃത്തിപരിചയ മേളകൾ ഗണിതമേള കായികമേള വിദ്യാരംഗം | SRG യിൽ ചർച്ച ചെയ്ത് സ്കൂൾതല മേളകൾ നടത്തുന്നതിനുള്ള മത്സരം സംഘടിപ്പിക്കൽ സ്കൂൾതല ശാസ്ത്ര പ്രദർശനങ്ങൾ പരീക്ഷണങ്ങൾ, ചാർട്ടുകൾ, സ്കൂൾതലമത്സരത്തിൽ നിന്നു കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി മത്സരത്തിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു. | ജൂൺ, ജൂലൈ ഓഗസ്റ്റ്, സെപ്തംബർ ഒക്ടോബർ സബ്ജില്ലാ മത്സരസമയം വരെ | കൺവീനർ കലാമേള ശാസ്ത്ര ക്ലബ്ബ് |

# അധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക നിയമനം |
|---|---|---|---|
| എൽ.പി വിഭാഗം | 10 | | |

# വിദ്യാലയത്തിലെ ഐ. ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് |
|---|---|
| കംമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | |
| ടി.വി | |
| ലാപ്ടോപ്പ് | |
| ഇ.മെയിൽ ഐ.ഡി | |
| പ്രൊജക്ടർ | |
| ഇന്റർനെറ്റ് കണക്ഷൻ | |

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് |
| --- | --- |
| കമ്പ്യൂട്ടർ മുറി | ഉണ്ട് |
| പ്രധാന അധ്യാപക മുറി | ഉണ്ട് |
| അടുക്കള | ഉണ്ട് |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | ഉണ്ട് |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | ഉണ്ട് |
| സുരക്ഷിതത്വവുമുള്ള കുടിവെള്ള സൗകര്യം | ഉണ്ട് |